പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 6033 08.07.2013 - ൽ മറുപടിയ്ക്ക്

## ദത്തെടുക്കൽ നടപടികൾ

ചോദ്യം

ശ്രീമതി.കെ.കെ.ലതിക

ഉത്തരം

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ദത്തെടുക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ദത്തു നൽകൽ നടപടികൾ സ്വീകരിച്ചു വരുന്നത്. ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന ദമ്പതികൾ ആദ്യമായി അടുത്തുള്ള സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ടി ഏജൻസി പ്രസ്തുത ദമ്പതികളെക്കുറിച്ച് ഹോം സ്റ്റഡി നടത്തുകയും ഹോം സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു. തുടർന്ന് ടി ദമ്പതികൾക്ക് അനുയോജ്യമായ കുട്ടിയെ അവർക്ക് കാണിച്ചു കൊടുക്കുകയും ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ദത്ത് നൽകി ഉത്തരവാകുന്നതിനായി ജില്ലാ കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും ജില്ലാ കോടതി ദത്തു നൽകി ഉത്തരവാകുകയും ചെയ്യുന്നു. |
| (ബി) | ദത്തെടുക്കുന്നതുമായി ബന്ധപ്പെട്ട നിയമം, ചട്ടം എന്നിവയുടെ പ്രസക്തഭാഗങ്ങളുടെയും ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | ദത്തെടുക്കുന്ന ദമ്പതികൾക്ക് ദത്തെടുത്ത കുഞ്ഞുങ്ങളെ അവരുടെ മതങ്ങളിലെ വ്യക്തി നിയമങ്ങൾക്കനുസരിച്ച് വളർത്തുന്നതിനും പരിപാലിക്കുന്നതിനും നിയമതടസമുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നിയമതടസ്സമില്ല. |

R. Vijayakumar

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്** സെക്ഷൻ ഓഫീസർ